# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2286

06-10-2016 -ൽ മറുപടിക്ക്

### സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ.ഷംസുദ്ദീൻ** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2013-14 വർഷം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി നൽകിയ അട്ടപ്പാടി ജല്ലിപ്പാറ ഐശ്വര്യ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടും ഇതിന്റെ തുക പാസ്സാക്കി നൽകുവാനുള്ള കാലതാമസം എന്താണ് എന്ന് വ്യക്തമാക്കുമോ; | എ) | 2013-14 സാമ്പത്തിക വർഷം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും അനുമതി നൽകിയ വിവിധ പ്രവൃത്തികൾ 31.12.2013 നകം പൂർത്തീകരിക്കേണ്ടതാണെന്ന് സർക്കാരിൽ നിന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അഗളി ഗ്രാമപഞ്ചായത്തിലെ ഓടപ്പെട്ടി എന്ന കുടിവെള്ള പദ്ധതി (ജല്ലിപ്പാറ ഐശ്വര്യ കോളനി) 31.12.2013 -ന്. ശേഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്. അതിനാലാണ് ഈ പദ്ധതിയുടെ തുക പാസ്സാക്കി നൽകാൻ കാലതാമസം ഉണ്ടായത്. എന്നാൽ 23.09.2016-ലെ 37256/കെ.3/2016/ഡി.എം.ഡി. നമ്പർ കത്ത് പ്രകാരം ടി പ്രവൃത്തിയുടെ കാലതാമസം മാപ്പാക്കി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഇതു സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടറേറ്റിൽ നിന്നും റവന്യൂ (കെ) പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നൽകിയ ജെ.6/2013/11376/9 നമ്പർ കത്തിൽ സ്വീകരിച്ച നടപടികൾ ഇപ്പോൾ നിലവിലുള്ള ഫയൽ നമ്പർ സഹിതം വിശദീകരിക്കുമോ? | ബി) | ടി കത്ത് ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ